"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമവകുപ്പ് -ഹെൽത്ത് സർവീസസ് -ജീവനക്കാര്യം -ശ്രീമതി.ലിജി വി.വി-യും മറ്റുള്ളവരും ഫയൽ ചെയ്ത O.A(EKM)No.1214/2025 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 14 /08 /2025 തീയതിയിലെ അന്തിമ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.443/2026/H&FWD തീയതി,തിരുവനന്തപുരം, 04-02-2026

---

പരാമർശം:-

1. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൻ്റെ O.A (EKM) No.1084/2019, 1966/2019, 10/2020, 59/2020, 60/2020, 71/2020, 72/2020, 115/2020, 128/2020, 214/20201 220/2020 & 350/2021 നമ്പർ കേസുകളിലെ വിധിന്യായം 29.11.2022 തീയതിയിലെ അന്തിമ വിധിന്യായം
2. സ.ഉ.(സാധാ)നം.1777/2023/ആ.കു.വ തീയതി 20-07-2023
3. ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I ശ്രീമതി.ലിജി വി.വി. സമർപ്പിച്ച 30/09/2024 തീയതിയിലെ നിവേദനം (Annexure A12 )
4. ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I ശ്രീമതി. ശ്രീലത ആർ. സമർപ്പിച്ച 04/10/2024 തീയതിയിലെ നിവേദനം (Annexure A13 )
5. ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I ശ്രീമതി.കവിത യു .കെ. സമർപ്പിച്ച 27/09/20245 തീയതിയിലെ നിവേദനം (Annexure A14 )
6. ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I ശ്രീലത. ജി. സമർപ്പിച്ച 24/09/2024 തീയതിയിലെ നിവേദനം(Annexure A15)
7. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൻ്റെ O.A(EKM)No.1214/2025 നമ്പർ കേസിന്റെ 14 /08 /2025 തീയതിയിലെ അന്തിമ ഉത്തരവ്.
8. ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസറുടെ 16-12-2025, 08 -01 -2026 തീയതികളിലെ DMOH-ALP/8709/2025-A4, DMOH-ALP/8709/2025-A4 (1) നമ്പർ കത്തുകൾ
9. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 21-12-2025 തീയതിയിലെ DHS/27363/2025-FWA4 നമ്പർ കത്ത്

**ഉത്തരവ്**

ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II തസ്തികയിൽ സൂപ്പർ നമറി നിയമനം ലഭിച്ചവരുടെ സേവനം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ക്രമപ്പെടുത്തിയതിലെ അപാകത പരിഹരിക്കുന്നതിന് ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II തസ്തികയിൽ ജോലി നോക്കി വരുന്ന ജീവനക്കാർ പരാമർശം (3,4,5,6) പ്രകാരം സർക്കാരിൽ നിവേദനം നൽകുകയും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ O.A(EKM)1214/2025

നമ്പറായി കേസ് ഫയൽ ചെയ്യുകയും ചെയ്തിരുന്നു.കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സേവനകാലം ക്രമപ്പെടുത്തി സർവീസാനുകൂല്യങ്ങൾ അനുവദിച്ച നൽകുവാനുള്ള ഉത്തരവ് നൽകണമെന്നതായിരുന്നു അവരുടെ ആവശ്യം.

2. O.A(EKM)1214/2025 നമ്പർ കേസിന്റെ പരാമർശം (7) പ്രകാരമുള്ള അന്തിമ ഉത്തരവിൽ ഒന്നാം എതിർകക്ഷിയായ സർക്കാർ, ഒന്നാം എതിർകക്ഷിയായ സർക്കാർ, അപേക്ഷകരുടെ അനുബന്ധം A12 മുതൽ A15 വരെയുള്ള നിവേദനം പരിഗണിച്ച്, അപേക്ഷകരെ നേരിൽ കേട്ട് മൂന്ന് മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

3. O.A(EKM)No.1214/2025 നമ്പർ കേസിന്റെ 14/08/2025 തീയതിയിലെ അന്തിമ വിധിന്യായം പാലിക്കുന്നതിന്റെ ഭാഗമായി, പരാതിക്കാരെ 17/12/2025ൽ സർക്കാരിൽ കേൾക്കുകയുണ്ടായി. പരാതിക്കാരും, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരും ഹാജരാവുകയുണ്ടായി.

4. സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം ഏകീകരണവുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് -II കാറ്റഗറിയിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കപ്പെടുകയും പ്രസ്തുത തസ്തികകളിൽ പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം കാത്തിരുന്ന ഉദ്യോഗാർത്ഥികളെ നിയമിക്കുകയും ചെയ്തു. പ്രസ്തുത ജീവനക്കാരെ, ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, സേവനം ക്രമീകരിച്ച ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. സൂപ്പർന്യൂമററി തസ്തികയിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക്, നിലവിലുള്ള നിയമപ്രകാരം റഗുലർ സർവീസിൽ അബ്സോർബ് ചെയ്യപ്പെടുന്ന തീയതി മുതൽ മാത്രമേ സീനിയോറിറ്റിക്കും മറ്റ ആനുകൂല്യങ്ങൾക്കും അർഹതയുള്ളൂ. എന്നാൽ ആരോഗ്യ വകുപ്പിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-2 കാറ്റഗറിയിലുള്ള സൂപ്പർ ന്യൂമററി തസ്തികയിൽ ജോലിയിൽ പ്രവേശിച്ച പല ജീവനക്കാരുടെ കാര്യത്തിലും വകുപ്പിൽ സ്ഥിരം ഒഴിവുകൾ സൃഷ്ടിക്കപ്പെടുന്നതുവരെ കാത്തിരിക്കാതെ, അവർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ, സ്ഥിര സേവന കാലം കണക്കാക്കി പല ജില്ലാ മെഡിക്കൽ ഓഫീസർമാരും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കാസർകോട്, കോഴിക്കോട് ജില്ലകളിൽ, അപ്രകാരം ജോലിയിൽ പ്രവേശിച്ച ജീവനക്കാർക്ക് സൂപ്പർ ന്യൂമററി തസ്തികയിൽ ജോയിൻ ചെയ്ത തീയതി മുതൽ സർവീസിൽ പ്രവേശിച്ചതായി കണക്കാക്കി അവരുടെ സർവീസ് റെഗുലറൈസ് ചെയ്യുകയും വാർഷിക ഇൻക്രിമെൻ്റും മറ്റും നൽകുകയും ചെയ്തിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റിൽ പ്രസ്തുത നടപടി ചട്ട വിരുദ്ധമാണെന്ന കണ്ടെത്തുകയും അപ്രകാരം നൽകിയ ആനുകൂല്യങ്ങൾ തിരിച്ചുപിടിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു. എന്നാൽ ടി ജീവനക്കാരെ സ്ഥിരം തസ്തികയിൽ ഉണ്ടാകുന്ന ഒഴിവിലേക്ക് ആഗിരണം ചെയ്ത ദിവസം മുതൽ മാത്രമേ സേവനം ക്രമീകരിച്ച് നൽകുവാൻ പാടുള്ളു എന്ന് സർക്കാരിൽ നിന്ന് സ്പഷ്ടീകരണം നൽകിയിരുന്നു. ഇതിന് എതിരെയാണ് ബന്ധപ്പെട്ട ജീവനക്കാർ ബഹു. കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ മുൻപാകെ O.A (Ekm) No. 1084/2019, 1966/2019, 10/2020, 59/2020, 60/2020, 71/2020, 72/2020, 115/2020, 128/2020, 214/20201 220/2020 & 350/2021 നമ്പർ കേസുകൾ ഫയൽ ചെയ്തത്.

5. പ്രസ്തുത കേസുകളിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണലിന്റെ 29/11/2022 തീയതിയിലെ അന്തിമവിധിന്യായം ചുവടെ ചേർക്കുന്നു.

*"The applicants, who are aggrieved by the audit objections raised, shall therefore submit their representations before the Government within a period of 1 month from the date of receipt of a copy of the order. Government who is the 1st respondent shall take a decision on their representations after affording them or their representatives an opportunity of hearing and to communicate the orders there on within a further period of 3 months. Till*

*such time the proceedings for recovery of the excess monetary benefits drawn by them shall be kept in abeyance".*

6. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ, എൻ.സി.എ ഒഴിവുകളിൽ നിയമിക്കപ്പെട്ട വ്യക്തികൾ ഒഴികെയുള്ള ജീവനക്കാരെ സൂപ്പർ ന്യൂമററി നിയമനത്തിന് ശേഷം ജെപിഎച്ച്എൻ ഗ്രേഡ് II കേഡറിൽ ഉണ്ടായ അടിയന്തര ഒഴിവുകളിലേക്ക് ഉൾപ്പെടുത്തുകയോ അല്ലെങ്കിൽ അവരുടെ നിയമനത്തിന് ശേഷം വരുന്ന ഏപ്രിൽ 1 മുതൽ പ്രാബല്യത്തിലോ ഏതാണ് ആദ്യം വരുന്നത് എന്നതനുസരിച്ച് ക്രമപ്പെടുത്തുന്നതിനും എൻസിഎ ഒഴിവുകളിൽ നിയമിക്കപ്പെട്ട ജീവനക്കാരെ, സ്ഥിരം തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ ക്രമപ്പെടുത്തുന്നതിനും ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് പരാമർശം (2) പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

7. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിൽ റെഗുലർ തസ്തികകൾടെ ഒഴിവ് ഉണ്ടായിരിക്കെ ചില ഉദ്യോഗാർത്ഥികളെ സൂപ്പർ ന്യൂമെററി തസ്തികയിൽ നിയമനം നൽകുകയും അതിനെ തുടർന്ന് അവരുടെ സർവീസ് ക്രമപ്പെടുത്തിയപ്പോൾ, അവർ സീനിയോറിറ്റി ലിസ്റ്റിൽ വളരെ അധികം പുറകിലോട്ട് പോയ സ്ഥിതി വിശേഷം കാണുകയുണ്ടായി. ആലപ്പുഴ ജില്ലയിൽ, ശ്രീമതി.ലിജി വി.വി ശ്രീമതി. ശ്രീലത ആർ. ശ്രീമതി.കവിത യു.കെ., ശ്രീമതി.ശ്രീലത ജി.എന്നിവരുടെ സേവനകാലം ക്രമീകരിച്ചു നൽകുന്നതിൽ അപാകതകൾ കടന്നു കൂടിയതായി കാണുന്നു. റെഗുലർ തസ്തികകളുടെ ഒഴിവ് ഉണ്ടായിരിക്കെ, ചില ഉദ്യോഗാർത്ഥികളെ സൂപ്പർ ന്യൂമെററി തസ്തികയിൽ നിയമനം നൽകുകയും അതിനെ തുടർന്ന് അവരുടെ സർവീസ് ക്രമപ്പെടുത്തിയപ്പോൾ, അവർ സീനിയോറിറ്റി ലിസ്റ്റിൽ വളരെ അധികം പുറകിലോട്ട് പോയ സ്ഥിതി ഉണ്ടാവുകയുമാണ് സംഭവിച്ചത്, പ്രസ്തുത ജീവനക്കാരെ റെഗുലർ തസ്തികയിൽ ഒഴിവ് ഉണ്ടായിരിക്കെ സൂപ്പർ ന്യൂമെററി തസ്തികയിൽ നിയമനം നൽകിയത് ശരിയായ നടപടി അല്ല. അതിൽ ആവശ്യമായ തിരുത്തൽ നടത്തി, സീനിയോറിറ്റി ലിസ്റ്റ് യഥാവിധി പുന: ക്രമീകരിക്കുന്നതിനുള്ള നടപടികൾ ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർ സ്വീകരിക്കേണ്ടതാണ്.

8. ശ്രീമതി.ലിജി വി.വി-യും മറ്റുള്ളവരും ഫയൽ ചെയ്ത O.A(EKM)No.1214/2025 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 14/08/2025 തീയതിയിലെ അന്തിമ വിധിന്യായം ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല ആർ
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം )
ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ശ്രീമതി.ലിജി വി.കെ.,ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് -Iമാലിത്തറ നികർത്ത്,പാണാവള്ളി പി.ഒ.,ചേർത്തല,ആലപ്പുഴ- 688526
ശ്രീമതി.ശ്രീലത ആർ,ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് -I,ഉമാശ്ശേരിൽ പടീറ്റതിൽ,മഹാദേവിക്കാട് പി.ഒ,കാർത്തികപള്ളി,ആലപ്പുഴ-690516
ശ്രീമതി.കവിത യു.കെ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് -I,തറയിൽ വീട്, തണ്ണീർമുക്കം,ചേർത്തല -688527
ശ്രീമതി.ശ്രീലത ജി.,ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് -I,പൗർണ്ണമി, കടുവിനാൽ പി.ഒ,വള്ളികുന്നം,ആലപ്പുഴ-690501
ജില്ലാ മെഡിക്കൽ ഓഫീസർ, ആലപ്പുഴ. (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള,തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ (C1/178 /2025/H&FWD)

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 05-02-2026 14:22:26

സെക്ഷൻ ഓഫീസർ